I/21232/2024

**കേരള സർക്കാർ**

**ഹൈഡ്രോഗ്രാഫിക് സർവ്വേവിംഗ്**

**വിജ്ഞാപനം**

നം.എച്ച്.എസ്.വിംഗ്/352/2024-A1 തീയതി 28 /05/2024

വിഷയം:- ഹൈഡ്രോഗ്രാഫിക് സർവ്വേവിംഗ് – തിരുവനന്തപുരം – ദിവസവേതനാടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്ക്)-നെ നിയമിക്കുന്നത് – സംബന്ധിച്ച്

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്)-ന്റെ ഒരു താൽക്കാലിക ഒഴിവുണ്ട്. ടി ഒഴിവിലേക്ക് ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനത്തിനായി താഴെപ്പറയുന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**വിദ്യാഭ്യാസ യോഗ്യത :-**

മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബി-ടെക് ബിരുദം അല്ലെങ്കിൽ/തത്തുല്യം

അല്ലെങ്കിൽ

മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയും, കടലിലും, ഉൾനാടാൻ ജലാശയങ്ങളിലും ഉപയോഗിക്കുന്ന യാനങ്ങളുടെ നിർമ്മാണത്തിലും, മെയിന്റനൻസിലുമുള്ള അഞ്ച് വർഷത്തെ പ്രവർത്തി പരിചയം.

അപേക്ഷകൾ താഴെപ്പറയുന്ന മേൽ വിലാസത്തിൽ 26 /06/2024 5 PM –ന് മുമ്പായി ലഭിക്കത്തക്കവിധത്തിൽ തപാൽ മുഖേനയോ/നേരിട്ടോ ലഭിക്കേണ്ടതാണ്.

നിയമന കാലാവധി :- ജോലിയിൽ പ്രവേശിച്ച നാൾ മുതൽ പതിനൊന്ന് മാസത്തേയ്ക്ക്
നിയമന കാലവേതനം :- പ്രതിദിനം 1455/- രൂപ
നിയമന സ്റ്റേഷൻ :- ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയം, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, തിരുവനന്തപുരം

**<u>മേൽ വിലാസം</u>**

ചീഫ് ഹൈഡ്രോഗ്രാഫർ
ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയം,
മണക്കാട് പി.ഒ, കമലേശ്വരം, തിരുവനന്തപുരം 695009

ചീഫ് ഹൈഡ്രോഗ്രാഫർ



Generated from eOffice by BINU JOHN, A1 H S W, A1 HSW, HSW on 10/06/2024 12:43 PM